## പതിനാലാം കേരള നിയമസഭ
## 15-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4983** **27.06.2019-ൽ മറുപടിയ്ക്ക്**

## കാലാവസ്ഥാ വ്യതിയാനം അടിസ്ഥാനമാക്കി കർമ്മ പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.എൻ.എ ഖാദർ<br>,, എൻ. ഷംസുദ്ദീൻ<br>,, ടി. വി. ഇബ്രാഹിം<br>,, എൻ .എ.നെല്ലിക്കുന്ന് : | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) ആഗോള കാലാവസ്ഥാ വ്യതിയാനത്തിന്റെയും സംസ്ഥാനത്തിന്റെ മാറിവരുന്ന ഭൂപ്രകൃതി സവിശേഷതകളുടെയും പശ്ചാത്തലത്തിൽ ഇവ പരിഗണനയിലെടുത്തുകൊണ്ട് കാലാവസ്ഥാ നിരീക്ഷണം, ദുരന്തനിവാരണം എന്നീ മേഖലകളിൽ എന്തെങ്കിലും കർമ്മ പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോഎന്നറിയിക്കാമോ; | (എ) ഉണ്ട്. കേന്ദ്ര ദുരന്ത ലഘൂകരണ പദ്ധതി പ്രകാരം കേന്ദ്ര കാലാവസ്ഥാ വകുപ്പിൽ നിക്ഷിപ്തമായ ചുമതലയായ സംസ്ഥാ-നത്തെ കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുവാനും മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാനും 256 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കുവാനും കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 100 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കുന്നതിനുള്ള സന്നദ്ധത കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചിട്ടുണ്ട്. അതിൽ 35 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുകയും ബാക്കി 65 എണ്ണം സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള സർവ്വേ |

നടത്തിയും വരുന്നു. സംസ്ഥാനത്ത് ഒരു റഡാർ കൂടി കോഴിക്കോട്, വയനാട് അതിർത്തിയിൽ സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 10 തീർത്ഥാടന/ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികളും ഡിസ്പ്ളേ ബോർഡും സ്ഥാപിക്കുവാൻ കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് ആവശ്യപ്പെട്ടു. ഇവയ്ക്ക് പുറമെ 39 മാനുവൽ മഴമാപിനികൾ സ്ഥാപിക്കുവാൻ കേന്ദ്ര കാലാവസ്ഥാ വകുപ്പ് സ്ഥലം ആവശ്യപ്പെട്ടതനുസരിച്ച് ഇവ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഐ.എസ്.ആർ.ഒ യുടെ 65 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികളും പ്രവർത്തന ക്ഷമമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കാലാവസ്ഥാ ശാസ്ത്രജ്ഞരുടെയും പരിസ്ഥിതി വിദഗ്ധരുടെയും അഭിപ്രായങ്ങൾ അപഗ്രഥിച്ച് സമഗ്രമായ ഡാം മാനേജ്മെന്റ്, ഫ്ലഡ് ഏരിയ മാപ്പിങ്, ദുരന്തനിവാരണ മോണിറ്ററിങ് എന്നിവ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി) പ്രളയ സാധ്യതാ ഭൂപടം പരിഷ്കരിക്കുന്നതിനും, ദുരന്ത നിവാരണ മോണിറ്ററിംഗ് നടത്തുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ